**'ഭരണഭാഷ-മാതൃഭാഷ'**

## കേരള സർക്കാർ

### സംഗ്രഹം

ധനകാര്യ വകുപ്പ് - തിരുവനന്തപുരം ജില്ല - കാരോട് ഗ്രാമ പഞ്ചായത്ത് - 2022-23 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം.41/2022-23, പ്രോജക്റ്റ് നം.42/2022-23, പ്രോജക്റ്റ് നം.54/22-23 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ സാധനങ്ങൾ വാങ്ങിയ ഇനത്തിൽ പൊൻവിള കോ-ഓപ്പറേറ്റീവ് സർവ്വീസ് ബാങ്കിന് വികസന ഫണ്ടിൽ നിന്നും അനുവദിച്ചതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ. (സാധാ) നം.8395/2024/ധന　　　　തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം : 1. കാരോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബഹു. ധനകാര്യവകുപ്പ് മന്ത്രിയ്ക്ക് 31/05/2024-ൽ സമർപ്പിച്ചിട്ടുള്ള എ5 /3433/23 നം. കത്ത്.

2. 15/09/2023 തീയതിയിലെ പാറശ്ശാല സബ്ട്രഷറി ഓഫീസറുടെ 196/എ7/ ട്രഷറി /2023 നം. കത്ത്.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

### ഉത്തരവ്

കാരോട് ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം.41/2022-23, പ്രോജക്റ്റ് നം.42/2022-23, പ്രോജക്റ്റ് നം.54/22-23 എന്നീ പദ്ധതികൾക്ക് ആയി വിവിധ സാധനങ്ങൾ വാങ്ങിയ ഇനത്തിൽ പൊൻവിള കോ- ഓപ്പറേറ്റീവ് സർവ്വീസ് ബാങ്കിന് വികസന ഫണ്ടിന്റെ ജനറൽ, എസ്.സി.പി. എന്നീ ശീർഷകങ്ങളിൽ നിന്നും അനുവദിച്ചതും, ബാങ്ക് അക്കൗണ്ട് നമ്പറിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 4,19,066/- രൂപ പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം കാരോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (2) ലെ സബ് ട്രഷറി ഓഫീസറുടെ കത്തിന്റെയും, പരാമർശം (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ2022-23 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ (1) പ്രോജക്റ്റ് നം.41/2022-23 അംഗനവാടി, അനുപൂരക പോഷകാഹാര പദ്ധതി (എസ്.സി)

(2) പ്രോജക്റ്റ് നം.42/2022-23 - കൗമാരക്കാരായ കുട്ടികൾക്ക് പോഷകാഹാര കിറ്റ് (എസ്സ്.സി) (3) പ്രോജക്റ്റ് നം.54/22-23 - ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം മെച്ചപ്പെടുത്തൽ, ഉച്ചഭക്ഷണം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ സാധനങ്ങൾ വാങ്ങിയ ഇനത്തിൽ പൊൻവിള കോ- ഓപ്പറേറ്റീവ് സർവ്വീസ് ബാങ്കിന് നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തിലെ വികസന ഫണ്ടിന്റെ 3604-00-200-81-(05)-35 (ജനറൽ) ശീർഷകത്തിൽ നിന്നും ₹33,740/-രൂപയും (മുപ്പത്തി മൂവായിരത്തി എഴുന്നൂറ്റി നാല്പത് രൂപ മാത്രം), 3604-00-200-81-(10)-35 (എസ്.സി.പി) ശീർഷകത്തിൽ നിന്നും ₹3,85,326 /- രൂപയും (മൂന്ന് ലക്ഷത്തി എൺപത്തി അയ്യായിരത്തി മുന്നൂറ്റി ഇരുപത്തി ആറു രൂപ മാത്രം) കാരോട് ഗ്രാമ പഞ്ചായത്തിന് ( G011102) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ പൊൻവിള കോ-ഓപ്പറേറ്റീവ് സർവ്വീസ് ബാങ്കിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് കാരോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള, തിരുവനന്തപുരം
ഡയറക്ടർ, ത.സ്വ.ഭ.വ വകുപ്പ് (റൂറൽ), തിരുവനന്തപുരം
സെക്രട്ടറി, കാരോട് ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 2835807)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ